വകുപ്പിലും പാർലമെന്റ് സെക്ഷന്റെ ചുമതലയുള്ള അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരിൽ ഒരാളെ ലെയ്സൺ ഓഫീസറായി ഓരോ വകുപ്പിലും നിയമിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ

223 (198) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ ഈ സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ കമ്മീഷൻ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് പ്രസ്തുത റിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടത്;

(സി) ഇതിൻപ്രകാരം നാളിതുവരെ ഈ ഇനത്തിൽ ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ തുക ഉപയോഗിച്ച് ഇതുവരെ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ മുൻ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. പി. പ്രഭാകരനെ 31-5-2012-ലെ സ.ഉ. (കൈ) 220/12/റവ. നമ്പർ ഉത്തരവ് പ്രകാരം നിയോഗിക്കുകയും 2012 ഒക്ടോബർ മാസത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ടി റിപ്പോർട്ടിൽ കാസർഗോഡ് വികസന പാക്കേജ് എന്ന പേരിൽ 11123.07 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാൻ ശിപാർശ ചെയ്യുകയുമുണ്ടായി. കൃഷിയും അനുബന്ധ മേഖലകളും, മത്സ്യബന്ധനം, മൃഗസംരക്ഷണവും ക്ഷീരവികസനവും, വ്യവസായം, തൊഴിൽ, നൈപുണ്യം, വിനോദ സഞ്ചാരം, വൈദ്യുതി, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യം, വിദ്യാഭ്യാസം, എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം തുടങ്ങിയ കാര്യങ്ങൾ വികസന പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 11123.07 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് പ്രസ്തുത റിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) 2013-14 സാമ്പത്തികവർഷത്തിൽ 25 കോടി രൂപയും 2014-15 വർഷത്തിൽ 75 കോടി രൂപയും 2015-16 വർഷത്തിൽ 85 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു*.

(ഡി) കാസർഗോഡ് പാക്കേജിൽ2013-14,2014-15,2015-16 വർഷങ്ങളിൽ അനുവദിക്കപ്പെട്ട 139 പദ്ധതികളിൽ 27 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ബാറുകൾ/റീട്ടെയിൽ ഔട്ട്‌ലെറ്റുകളിലൂടെയുള്ള മദ്യവിൽപ്പന

224 (201) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ബാറുകൾ/റീട്ടെയിൽ ഔട്ട് ലെറ്റുകൾ എന്നിവിടങ്ങളിലൂടെയുള്ള മദ്യ വിൽപനയിൽ ലഭ്യമായ റവന്യൂ വരുമാനം വാർഷിക ക്രമത്തിൽ ജില്ലാടിസ്ഥാനത്തിലുള്ളവ ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിലെ പ്രഥമ വർഷത്തിൽ നിലവിലുണ്ടായിരുന്ന ബാർ/റീട്ടെയിൽ ഔട്ട് ലെറ്റുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) നിലവിലുള്ള ബാർ/റീട്ടെയിൽ ഔട്ട് ലെറ്റുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ബിവറേജസ് കോർപ്പറേഷൻ വെയർഹൗസിൽ നിന്നും കൺസ്യൂമർഫെഡ് എഫ്.എൽ-1, ബാർ എന്നിവയ്ക്ക് വിൽപ്പന നടത്തിയ മദ്യത്തിൽനിന്നും കെ.എസ്.ബി.സി. എഫ്.എൽ.-1 ഷോപ്പുകളിൽ കൂടി നടത്തിയ മദ്യവിൽപ്പനയിൽനിന്നും ലഭ്യമായ റവന്യൂ വരുമാനം വാർഷിക ക്രമത്തിൽ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന പ്രഥമ വർഷം സംസ്ഥാനത്ത് ആകെ 680 ബാർ ഹോട്ടലുകളും 384 റീട്ടെയിൽ ഔട്ട്‌ലെറ്റുകളും ഉണ്ടായിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly